ബോർഡ് ഓഫ് ഡയറക്ടേഴ്സ് മീറ്റിംഗ്

* 576 (631) ശ്രീ. സി. എ. കുര്യൻ:
,, വി. കെ. രാജൻ:
,, ജെ. ചിത്തരഞ്ജൻ:
,, ബി. എം. ഷെറീഫ്.
,, കെ. ടി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, ഇ. കെ. പിള്ള:
,, കെ. ടി. കണാരൻ:
,, പി. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് നോമിനേറ്റ് ചെയ്ത് നിയമിച്ച ഉദ്യോഗസ്ഥൻമാരടങ്ങിയ ബോർഡ് ഓഫ് ഡയറക്ടേഴ്സ് മീറ്റിംഗ് നിയമാവലിയനുസരിച്ച് കൂടാറുണ്ടോ;

(ബി) മൂന്നു കൊല്ലമായി തുടർച്ചയായി ഈ മീറ്റിംഗുകളിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥൻമാർക്ക് പകരം വേറെ ആളുകളെ നോമിനേറ്റു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിയമമനുസരിച്ച് ആണ്ടുതോറും കൂടേണ്ട ജനറൽബോഡിയോഗം രണ്ടു കൊല്ലമായി കൂടാതിരിക്കുന്നത് ചില സ്ഥാപിത താൽപര്യക്കാരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വഴങ്ങിയാണെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ഉണ്ട്.

(ബി) ചോദ്യത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) ഇല്ല.

ശ്രീ. സി. എ. കുര്യൻ: പല കോർപ്പറേഷനുകളുടേയും യോഗങ്ങളിൽ ഗവൺമെന്റ് നോമിനി പങ്കെടുക്കാത്തതുകൊണ്ട് യോഗങ്ങൾ മാറ്റിവയ്ക്കേണ്ട സ്ഥിതി പല കോർപ്പറേഷനുകളുടേയും കാര്യത്തിൽ ഉണ്ടായിട്ടുണ്ട് എന്നുള്ളകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: ഇന്ന കോർപ്പറേഷനിൽ ഇന്ന സമയത്ത് പങ്കെടുത്തിട്ടില്ല അതിന് കാരണമെന്താണെന്നു ചോദിച്ചാൽ വ്യക്തമായി മറുപടി പറയാൻ കഴിയും. അല്ലെങ്കിൽ പൊതുവായി മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. എ. കുര്യൻ: കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ യോഗത്തിൽ പങ്കെടുക്കാൻ ഗവൺമെന്റ് നോമിനികൾക്ക് കഴിയാത്തതുകൊണ്ട് മലമ്പുഴയിൽവെച്ച് കൂടാൻ നിശ്ചയിച്ചിരുന്ന ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

Page 1

മീറ്റിംഗ് നടക്കാത്ത പേയത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഗവൺമെൻറ് നോമിനികൾ കൃത്യമായി ബോർഡ് മീറ്റിംഗുകളിൽ പോകുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ. ഇ. കെ. നായനാർ: ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതേക്കുറിച്ച് അന്വേഷിക്കാം. അകാരണമായി ഗവൺമെൻറ് നോമിനി കോർപ്പറേഷന്റെ ബോർഡ് മീറ്റിംഗുകളിൽ പങ്കെടുക്കാതെയിരിക്കുകയാണെങ്കിൽ സമാധാനം ആവശ്യപ്പെടാം.

ശ്രീ. ജെ. ചിത്തരഞ്ജൻ: പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ നോമിനികളാകുന്ന ഉദ്യോഗസ്ഥൻമാർ അതിൽ പങ്കെടുക്കുന്നതുതന്നെ പലപ്പോഴും വളരെ ഔപചാരികമായ നടപടിയെന്നതിൽ കവിഞ്ഞ് കമ്പനിയുടെ നടത്തിപ്പിന്റെ വിശദാംശങ്ങളിലേക്ക് കടന്ന് ചർച്ച ചെയ്യാറില്ല എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: ഇവിടെ ആകെ 91-ൽ പ്പരം സ്ഥാപനങ്ങളാണുള്ളത്. ഈ സ്ഥാപനങ്ങളിൽ പലതും വ്യത്യസ്ത നിയമങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവയാണ്. ഇതിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥൻമാർ കാര്യഗൗരവത്തോടുകൂടി ഉത്തരവാദപ്പെട്ട രീതിയിലല്ല പങ്കെടുക്കുന്നത് എന്ന് ചൂണ്ടിക്കാണിച്ചാൽ നടപടിയെടുക്കാം.

ശ്രീ. ജെ. ചിത്തരഞ്ജൻ: ഡയറക്ടർ ബോർഡ് മെമ്പർമാരായുള്ള ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർ ഡയറക്ടർ ബോർഡ് യോഗങ്ങളും കൂടുന്ന അവസരത്തിൽ അതിൽ ആലോചനയ്ക്ക് വരുന്ന വിഷയങ്ങളിൽ നയപരമായ കാര്യങ്ങളിൽ ഗവൺമെൻറ് അഭിപ്രായം അറിയേണ്ട കാര്യങ്ങളിൽ ഗവൺമെൻറിന്റെ അഭിപ്രായം മുൻകൂട്ടി ആരായുന്നുണ്ടോ; അതുപോലെ തന്നെ ബോർഡ് മീറ്റിംഗ് കഴിഞ്ഞതിനുശേഷം അവിടെ നടന്ന കാര്യങ്ങളെ സംബന്ധിച്ചും, എടുത്ത തീരുമാനങ്ങളെ സംബന്ധിച്ചും ഗവൺമെൻറിൽ റിപ്പോർട്ടു ചെയ്യാറുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെ നൽകുന്ന റിപ്പോർട്ടുകളും പരിശോധിക്കാറുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: ചിലത് റിപ്പോർട്ട് ചെയ്യാറുണ്ട്. ചെയ്യാത്ത റിപ്പോർട്ടുകളെ സംബന്ധിച്ചുള്ള ആക്ഷേപം വരുമ്പോൾ പരിശോധിക്കാറുമുണ്ട്.

ശ്രീ. ബി. എം. ഷെറീഫ്: അങ്ങനെയുള്ള ഡയറക്ടർമാർ എത്ര സ്ഥാപനങ്ങളിൽ ഡയറക്ടർ ബോർഡുമെമ്പർമാരായിരിക്കാമെന്നു വല്ല നിയമവുമുണ്ടോ? അവർ വാങ്ങുന്ന ടി. എ. സംബന്ധിച്ചു നിയന്ത്രണം വല്ലതുമുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: അങ്ങനെ വ്യക്തമായ നയമില്ല. നിയമവുമില്ല.

ശ്രീ. ബി. എം. ഷെറീഫ്: അങ്ങനെയൊരു നിയമം ഉണ്ടാക്കേണ്ടതല്ലേ? അനിയന്ത്രിതമായി അവരവരുടെ ഇഷ്ടം പോലെ ആഫീസർമാർ കാര്യങ്ങൾ നടപ്പാക്കുന്നതു ശരിയാണോ?

ശ്രീ. ഇ. കെ. നായനാർ: ചില ഡിപ്പാർട്ടുമെൻറിന്റെ പ്രതിനിധികൾ, ഒട്ടുമുക്കാലും ഡയറക്ടർ ബോർഡുകളിൽ വരും. ഉദാഹരണത്തിന് ഫൈനാൻസ് ഡിപ്പാർട്ടുമെൻറിലുള്ളവർ. ഒട്ടുമുക്കാലും ഡയറക്ടർ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡുയോഗങ്ങളിൽ അവർ പങ്കെടുക്കും. അവരുടെ സംഭാവനയും ഉണ്ടാകുന്നുണ്ട്. കാരണം അവരുടെ കൂടെ അംഗീകാരത്തോടുകൂടിയായിരിക്കും ചില തീരുമാനങ്ങൾ എടുക്കേണ്ടത്. ഇത്രയേ പങ്കെടുക്കാൻ പാടുള്ളൂ എന്നില്ല. ആവശ്യത്തിനനുസരിച്ചാണ് പങ്കെടുക്കുന്നത്.

ശ്രീ. ബി. എം. ഷെറീഫ്: ഞാൻ ചോദിച്ചത് ഒരാളിന് എത്ര സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിൽ അംഗമായിരിക്കാനാണ് വ്യവസ്ഥയുള്ളത് എന്നാണ്. എത്ര യോഗത്തിൽ പങ്കെടുക്കാമെന്നല്ല.

ശ്രീ. ഇ. കെ. നായനാർ: ഇതുവരെ അങ്ങനെയൊരു വ്യവസ്ഥ കണ്ടില്ല. അതുകൊണ്ടാണു പറഞ്ഞത്. അറിയാവുന്ന കാര്യമാണ്. കൂടുതൽ പറയേണ്ട എന്നുവച്ചിട്ടാണ്. കഴിഞ്ഞകാലത്തു തുടർന്നുവന്നതാണ്. ഈ സർക്കാരിന്റെ കീഴിലും മുമ്പത്തെ സർക്കാരുകളുടെ കീഴിലും അങ്ങനെയാണ്. വ്യവസ്ഥയൊന്നും കണ്ടില്ല. ഇത്ര വലിയ നിർബന്ധമുണ്ടെങ്കിൽ അതു കാണുമായിരുന്നു. അത് ഇനിയും വേണമെങ്കിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ഗവൺമെന്റ് നോമിനികളായി പൊതുമേഖലാസ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുമെമ്പർമാരാകുന്നത് മിക്കവാറും ഗവൺമെന്റ് സെക്രട്ടറിമാരാണ്. വളരെ ഭാരിച്ച ചുമതലകളുള്ള ഗവൺമെന്റു സെക്രട്ടറിമാരെ മെമ്പർമാരാക്കുമ്പോൾ ഒരാളെ രണ്ടിൽക്കൂടുതൽ പൊതുമേഖലാസ്ഥാപനങ്ങളിൽ മെമ്പർമാരാക്കുകയില്ലെന്നു തീരുമാനമെടുക്കാൻ ഗവൺമെന്റു തയ്യാറാകുമോ?

ശ്രീ. ഇ. കെ. നായനാർ: നല്ല നിർദ്ദേശമാണ്. പക്ഷേ എത്രകണ്ടു പ്രായോഗികമാക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കേണ്ടിയിരിക്കുന്നു. പരിശോധിച്ചു നോക്കിയിട്ടേ പറയാൻ പറ്റുകയുള്ളൂ. ഒന്നിലധികം തീർച്ചയായും വേണ്ടിവരും.

ശ്രീ. എ. സി. ജോസ്: 91 ഓളം സ്ഥാപനങ്ങളുണ്ടെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. രണ്ടു മൂന്നു വർഷം മുൻപുവരെ ഒരു സെക്രട്ടറി എട്ടും ഒൻപതും പത്തും ബോർഡുകളിൽ ഒരേസമയത്തു മെമ്പറായിരിക്കുന്നുണ്ടായിരുന്നു. അതിന്റെ ഫലമായി അവരുടെ ഭരണപരമായ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നു മാത്രമല്ല ഈ ബോർഡുകളിലും ശരിയായി പങ്കെടുക്കുകയോ അജൻഡ പഠിക്കുകയോ ഒന്നും ചെയ്യുന്നില്ല. ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾക്കു പരിരക്ഷ കിട്ടാൻ വേണ്ടി, ഈ വിഷയങ്ങളിൽ പ്രഗൽഭരായിട്ടുള്ള പുറത്തുനിന്നുള്ള ആളുകളെ ഈ ബോർഡുകളിലേക്കു നോമിനേറ്റു ചെയ്യാൻ കഴിയത്തക്ക രീതിയിൽ അത്തരം ആളുകളുടെ ഒരു പാനലുണ്ടാക്കി ഗവൺമെന്റ് അവർക്കുവേണ്ട നിർദ്ദേശം കൊടുത്ത് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. കെ. നായനാർ: പുറത്തുള്ളവരെ നോമിനേറ്റു ചെയ്യുന്നതിന്റെ സാധ്യതകളെപ്പറ്റി പരിശോധിച്ചാലേ പറയാൻ പറ്റുകയുള്ളൂ. ഇപ്പോൾ വ്യക്തമായി പറയാനാവില്ല.

ശ്രീ. പി. പി. എസ് തോസ്: പൊതുമേഖലാസ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ് യോഗങ്ങളിൽ ഗവൺമെന്റുദ്യോഗസ്ഥൻമാർ പങ്കെടുക്കാത്തതുകൊണ്ട് ഗവൺമെന്റിന്റെ പോളിസി യഥാസമയം ആ ബോർഡ് നിറവേറ്റാതിരിക്കുകയും പൊതുമേഖലാസ്ഥാപനത്തിന്റെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

കുഴപ്പത്തിലാവുകയും ചെയ്തത് ഏതെങ്കിലും ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു വരാതിരിക്കാൻവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. കെ. നായനാർ: കൃത്യമായി അത്തരം ഉദ്യോഗസ്ഥൻമാർ പങ്കെടുക്കണമെന്ന് സർക്കുലറുകളും മറ്റു നിർദ്ദേശങ്ങളും ഇനിയും കൊടുക്കാവുന്നതാണ്; ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ: ഏതു സ്ഥാപനമാണ് ഇങ്ങനെ നഷ്ടത്തിലും വിഷമത്തിലും വന്നിട്ടുള്ളതെന്ന് ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കാം.

ശ്രീ. പി. ആർ. ശിവൻ: ഗവൺമെൻറിന് ഷെയറുള്ള സ്ഥാപനങ്ങളിൽ ഗവൺമെൻറു നോമിനേറ്റു ചെയ്യുന്ന ബോർഡംഗങ്ങൾ പങ്കെടുക്കാതിരിക്കുകയും അതിൽ ഭൂരിപക്ഷം ഷെയറുള്ള സ്വകാര്യ ഉടമയുടെ താൽപ്പര്യത്തെ പ്രതിനിധാനം ചെയ്യുന്ന ബോർഡംഗങ്ങൾ എടുക്കുന്ന തീരുമാനങ്ങളുടെ അടിയിൽ ആ ദിവസത്തിനുശേഷം ഒപ്പുവച്ചുകൊടുക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷമുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം കേസുകൾ ചൂണ്ടിക്കാണിച്ചാൽ അവരോടു സമാധാനമാവശ്യപ്പെടുമോ?

ശ്രീ. ഇ. കെ. നായനാർ: പങ്കെടുക്കാതെ ഒപ്പിട്ടതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. അങ്ങനെ വല്ലതുമുണ്ടെങ്കിൽ ഗൗരവമായി കണക്കിലെടുത്തു സമാധാനം ചോദിക്കാവുന്നതാണ്; പങ്കെടുക്കാതെ ഒപ്പുവച്ചിട്ടുണ്ടെങ്കിൽ.

പണിമുടക്ക് നിരോധന ഓർഡിനൻസ്

* 577 (632) ശ്രീ. കെ. ശ്രീധരൻ:
,, വൈക്കം വിശ്വൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, സി. പി. മുസ്സാൻകുട്ടി:
,, വി. വി. ജോസഫ് (കുണ്ടറ):
,, സി. ടി. കൃഷ്ണൻ:
,, എം. കെ. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണിമുടക്ക് നിരോധന ഓർഡിനൻസ് തൊഴിലാളി വിരുദ്ധവും ജനാധിപത്യവിരുദ്ധവുമാണെന്ന് ഈ ഗവൺമെൻറ് കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഈ ഓർഡിനൻസ് പിൻവലിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യപ്പെടുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, (എ) ഉണ്ട്.

(ബി) ഓർഡിനൻസ് പിൻവലിക്കണമെന്നു കേരളനിയമസഭതന്നെ പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly